KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: info@ksacs.in

**23.09.2009**

# അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് എച്ച്ഐവി ബോധവത്കരണം

തിരുവനന്തപുരം: കേരള സംസ്ഥാന തൊഴിൽ വകുപ്പ് അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി കൾക്കായി നടത്തിയ സൗജന്യ മെഡിക്കൽ ക്യാമ്പിലെ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ സ്റ്റാൾ ശ്രദ്ധേയമായി. ഇന്നലെ രാവിലെ 10.30 മുതൽ ഗാന്ധിപാർക്കിലായിരുന്നു പരിപാടി.

ക്യാമ്പിൽ പങ്കെടുത്ത നാന്നൂറോളം തൊഴിലാളികൾക്കായി ബോധവത്കരണ ക്ലാസുകളും എച്ച് ഐവി പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്രദർശനവും നടത്തി. ലൈംഗികരോഗ ങ്ങളെക്കുറിച്ചുള്ള തൊഴിലാളികളുടെ സംശയങ്ങൾ ദുരീകരിക്കുന്നതിനും ക്യാമ്പിൽ പ്രത്യേകം സജ്ജീകരണം ഉണ്ടായിരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾക്ക് അവരുടെ മാതൃഭാഷയിൽ തന്നെയാണ് എച്ച്ഐവി ബോധവത്കരണം നൽകിയത്. ഇതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയിൽ നിന്നും പ്രത്യേക പ്രതിനിധി ക്യാമ്പിലെത്തി യിരുന്നു. ബോധവത്കരണ പരിപാടി തിരുവനന്തപുരം പ്രത്യാശ കേന്ദ്രവുമായി സഹകരിച്ചാണ് നടന്നത്.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**